I ഇ.ബി. XIII- കേരള നിയമസഭ/IX-3

# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ജൂൺ 12, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

മി. സ്പീക്കർ: സംസ്ഥാനത്തെങ്ങും പൂഴ്ത്തിവയ്പും കരിഞ്ചന്തയും അഴിമതിയും തുടരുകയും വൈദ്യുതി, വെള്ളം, ബസ് തുടങ്ങിയവയുടെ ചാർജ്ജ് വർദ്ധനവും നിത്യോപയോഗ വസ്തുക്കളുടെ വിലക്കയറ്റവുംമൂലം ജനജീവിതം ദുസ്സഹമാകുകയും സർക്കാരിന്റെ ഭാഗത്തുനിന്നും നിസ്സംഗത തുടരുന്നതിനാലും സംജാതമായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. തിലോത്തമൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ, ശ്രീമതി കെ.കെ. ലതിക എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പൊതുവിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കാനുള്ള സത്വരനടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ബ്രാന്റഡ് അരിയുടെ വില വർദ്ധനവ് അരിയുടെ പൊതുവായ വിലവർദ്ധനവാണെന്ന് ചിത്രീകരിക്കുന്നത് നിർഭാഗ്യകരമാണ്. അരിവില നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരിക്കട പദ്ധതിക്ക് തുടക്കം കുറിക്കുകയും മട്ട, കുറുവ, ജയ, പച്ചരി എന്നിവ 16 മുതൽ 21 രൂപ വരെ നിരക്കിൽ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമെ ഒ.എം.എസ്.എസ്. പ്രകാരം പുഴുക്കലരി 19.50 രൂപ നിരക്കിൽ നൽകുന്നുണ്ട്. പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുകയും സ്പെഷ്യൽ ഫെയറുകളിലൂടെ കൂടുതൽ ഭക്ഷ്യധാന്യങ്ങളെത്തിക്കാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പച്ചക്കറിയുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പ് പച്ചക്കറി ഫെയറിന് ആരംഭം കുറിച്ചിട്ടുണ്ട്. ഓപ്പൺ മാർക്കറ്റിൽ പരിശോധന കർക്കശമാക്കുകയും വില വിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. തിലോത്തമൻ: നിത്യോപയോഗ സാധനങ്ങളുടെ അതിരൂക്ഷമായ വിലക്കയറ്റം സംസ്ഥാനത്തെ ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. ബ്രാന്റഡ് അരിയുടെ വില 52 രൂപയിലെത്തിയിരിക്കുകയാണ്. അരിവില വർദ്ധനവിലൂടെ ജനങ്ങളെ കൊള്ളയടിക്കാൻ സ്വകാര്യ കച്ചവടക്കാർക്ക് സർക്കാർ ഒത്താശ ചെയ്തുകൊടുക്കുകയാണ്. പൊതുവിപണിയിൽ പലവ്യഞ്ജനങ്ങളും പച്ചക്കറികളും പഴവർഗ്ഗങ്ങളും മത്സ്യവും മാംസവും ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില

കുതിച്ചുയരുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നോക്കുകുത്തിയാവുകയാണ്. റേഷൻ കടകൾ വഴി വിതരണം ചെയ്യേണ്ട അരിയുടെയും ഗോതമ്പിന്റെയും വിഹിതം വെട്ടിക്കുറച്ചിരിക്കുന്നു. കേന്ദ്രസർക്കാർ അധികമായി അനുവദിച്ച അരിയും ഗോതമ്പും യഥാസമയം ഏറ്റെടുക്കാൻ കഴിയാത്തതിനാൽ ക്വാട്ട വെട്ടിക്കുറച്ചിരിക്കുകയാണ്. കേന്ദ്രസർക്കാർ അനുവദിക്കുന്ന റേഷൻ വിഹിതം സ്വകാര്യ കച്ചവടക്കാരുടെ കൈകളിലേയ്ക്ക് എത്തിച്ചേരുന്നതുമൂലം കരിഞ്ചന്തയും പൂഴ്ത്തിവയ്പും വ്യാപകമായിരിക്കുന്നു. മാവേലി സ്റ്റോറുകൾ, ലാഭ മാർക്കറ്റുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിലെ സബ്സിഡി ഇനങ്ങൾ വെട്ടിക്കുറച്ചിരിക്കുന്നു. ജീവൻ രക്ഷാ ഔഷധങ്ങൾക്ക് വില ക്രമാതീതമായി വർദ്ധിച്ചു. സ്വകാര്യ ആശുപത്രികൾ ജനങ്ങളെ ചൂഷണം ചെയ്യുകയാണ്. കറണ്ട് ചാർജും ബസ് ചാർജും വെള്ളക്കരവും വർദ്ധിച്ചു. കുടിവെള്ളം വിൽപ്പനച്ചരക്കാക്കി മാറ്റിയിരിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ബ്രാന്റഡ് അരിക്ക് വില വർദ്ധിച്ചിട്ടുള്ളത് പൊതുവായ വില വർദ്ധനവായി കാണരുത്. സാധാരണ ലഭ്യമാകുന്ന അരി മിതമായ വിലയ്ക്ക് വിപണിയിൽ എത്തുന്നുണ്ട്. പൊതു മാർക്കറ്റിനേക്കാൾ വിലകുറച്ചാണ് സപ്ലൈകോ വഴി സാധനങ്ങൾ വിതരണം ചെയ്യുന്നത്. കരിഞ്ചന്തയും കൊള്ളയും നടത്തുന്നവരെ കണ്ടെത്തുന്നതിന് സ്ക്വാഡുകൾ രൂപീകരിച്ച് റെയ്ഡുകൾ നടത്തിവരുന്നു. പഞ്ചസാര, വെളിച്ചെണ്ണ തുടങ്ങിയ വിലകൂടിയ ഐറ്റങ്ങൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പുതിയ മാവേലി സ്റ്റോറുകളും പീപ്പിൾസ് ബസാറുകളും ആരംഭിക്കാനും സൂപ്പർ മാർക്കറ്റുകൾ അപ്ഗ്രേഡ്

ചെയ്യാനും സാധിച്ചിട്ടുണ്ട്. ബി.പി.എൽ. അലോട്ട്മെന്റ് പുന:സ്ഥാപിച്ചതോടൊപ്പം എ.പി.എൽ വിഭാഗക്കാർക്ക് 9 കിലോ അരി കൊടുക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. സ്ക്കൂൾ ഫെയറുകൾ ആരംഭിച്ചില്ലെന്ന് പറഞ്ഞത് അടിസ്ഥാനരഹിതമാണ്. യഥാസമയം നോട്ടുബുക്കുകളും മറ്റും വിപണിയിലെത്തിച്ചിട്ടുണ്ട്. വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികളെടുക്കുന്നുണ്ട്. അരി വില നിയന്ത്രണ വിധേയമാക്കാനുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിലക്കയറ്റത്തിന്റെ സാഹചര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ എന്താണെന്നാണ് പരിശോധിക്കേണ്ടത്. ബ്രാന്റഡ് അരിയുടെ വിലവച്ചുകൊണ്ടുള്ള ചർച്ച ആദ്യമായാണ് നടക്കുന്നത്. ത്രീലെയർ സംവിധാനമൊരുക്കി സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും അരി സുലഭമായി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതിൽ അപാകതകളുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്നതിന് പകരം ബ്രാൻഡഡ് അരിയുടെ വില വർദ്ധനയെക്കുറിച്ചാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന സർക്കാരിന്റെ ശ്രമങ്ങൾക്ക് പ്രതിപക്ഷത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്,

എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) നോക്കുകൂലി നിരോധനം

ശ്രീ. തോമസ് ഉണ്ണിയാടൻ: സംസ്ഥാനത്ത് നിലനിൽക്കുന്ന നോക്കുകൂലി നിരോധിക്കണം. നോക്കുകൂലി സംബന്ധിച്ച് പരാതി ലഭിച്ചാൽ തൊഴിൽ പ്രശ്നത്തിന്റെ പേരുപറഞ്ഞ് പോലീസ് നടപടി എടുക്കുന്നില്ലെന്ന പരാതി ഗൗരവമായി കാണണം. നോക്കുകൂലി നീതീകരിക്കാനാവില്ലെന്നും ആവർത്തിക്കില്ലെന്നും വിവിധ രാഷ്ട്രീയ സംഘടനകളും തൊഴിലാളി സംഘടനകളും പറയുന്നുണ്ടെങ്കിലും ഓരോ സംഭവങ്ങൾ കഴിയുമ്പോഴും അത് ആവർത്തിക്കുകയാണ്. നോക്കുകൂലി നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും സംസ്ഥാന വ്യാപകമായി ഈ രംഗത്ത് അനാവശ്യ പ്രവണതകൾ തുടരുകയാണ്. കേരളത്തെ നോക്കുകൂലി വിമുക്ത സംസ്ഥാന മാക്കി മാറ്റാൻ രാഷ്ട്രീയ ട്രേഡ് യൂണിയൻ നേതാക്കൻമാരുടെയും തൊഴിലാളി സമൂഹത്തിന്റെയും സർക്കാരിന്റെയും കൂട്ടായ പരിശ്രമം അനിവാര്യമാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): നോക്കുകൂലി തടയുന്നതിന് ഗവൺമെന്റ് ഒട്ടനവധി നടപടികൾ കൈക്കൊണ്ടെങ്കിലും പൂർണ്ണമായി ഇല്ലാതാക്കാൻ

സാധിച്ചിട്ടില്ല. മുഖ്യധാരാ ട്രേഡ് യൂണിയനുകളെല്ലാം യോജിച്ച് ഈ പ്രവണത അവസാനിപ്പിക്കണമെന്ന ധാരണയിലെത്തിയിരുന്നു. നിലവിലുള്ള നിയമമനുസരിച്ച് തൊഴിൽ തർക്കത്തിൽ പോലീസിന് ഇടപെട്ടുകൂട എന്നുണ്ടെങ്കിലും ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന നിലയിലുള്ള പ്രവർത്തനം ആരുടെ ഭാഗത്തുനിന്നുണ്ടായാലും പോലീസിന് ഇടപെടാവുന്ന സാഹചര്യം ഉണ്ടാക്കേണ്ടതുണ്ട്. അംഗീകൃത രജിസ്ട്രേഷനുള്ള ചുമട്ടു തൊഴിലാളി നോക്കുകൂലി ആവശ്യപ്പെട്ടാൽ അതിനെതിരെ ചുമട്ടുതൊഴിലാളി നിയമമനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഏഴ് ജില്ലകളിൽ ഏകീകരിച്ച കൂലി പ്രഖ്യാപിച്ചിട്ടുണ്ട്. നോക്കുകൂലിയുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പിന് ലഭിച്ചിട്ടുള്ള എല്ലാ പരാതികൾക്കും പരിഹാരം കണ്ടിട്ടുണ്ട്. ഇത്തരം വിഷയങ്ങളിൽ പോലീസ് ഇടപെടുന്നതിന് നിയമപരിഷ്ക്കരണം ആവശ്യമാണ്. അംഗീകാരമില്ലാത്ത തൊഴിലാളികൾ നോക്കുകൂലി ആവശ്യപ്പെട്ടാൽ പിടിച്ചുപറി എന്ന നിലയിൽ കേസ്സെടുക്കുന്നതിന് പോലീസിന് ഡയറക്ഷൻ നൽകേണ്ടതുണ്ട്. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികൾ നോക്കുകൂലി ആവശ്യപ്പെട്ടാൽ അവർക്ക് കാർഡ് നഷ്ടപ്പെടാനിടയാകും. തൊഴിലാളികളെക്കൂടി സഹകരിപ്പിച്ച് സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കാൻ സാധ്യമാകുന്നതെല്ലാം ഗവൺമെന്റ് ചെയ്യുന്നതാണ്. രാഷ്ട്രീയ നേതാക്കളുടെയും ട്രേഡ് യൂണിയൻ നേതാക്കളുടെയും യോഗം രണ്ടുതവണ കൂടിയെങ്കിലും ഈ പ്രവണത പൂർണ്ണമായും അവസാനിപ്പിക്കുന്നതിനായി ഇവരുടെ യോഗം വീണ്ടും വിളിക്കുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ജോലി ചെയ്യാതെയുള്ള കൂലി

നിയമസഭാതല പ്രശ്നമായി വരികയാണെങ്കിൽ തൊഴിൽ വകുപ്പിന്റെ ഒപ്പീനിയൻ അനുസരിച്ച് പോലീസ് ആവശ്യമായ സംരക്ഷണം നൽകുന്നതാണ്.

## (2) സഹകരണമേഖലയിലെ നിക്ഷേപ-വായ്പ നയം തിരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. വി. വിജയദാസ്: ദേശീയ ഗ്രാമീണ കാർഷിക വികസന ബാങ്ക് ഇൻഡ്യയിലെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നൽകിവരുന്ന കാർഷിക വായ്പകൾ നബാർഡ് നിർദ്ദേശിച്ച നിബന്ധനകൾ പാലിക്കാത്തതു കാരണം നിറുത്തിവച്ചിരിക്കുന്നതിന്റെ ഫലമായി സംസ്ഥാനത്തെ പ്രാഥമിക ബാങ്കുകളിൽ നിന്നും അനുവദിക്കേണ്ട കാർഷിക വായ്പകളുടെ വിതരണം സ്തംഭനാവസ്ഥയിലാണ്. ഭരണഘടന അനുസരിച്ച് സഹകരണ മേഖലയിലെ കാര്യങ്ങൾ സംസ്ഥാനം കൈകാര്യം ചെയ്യണമെന്നിരിക്കേ അതിൽ പാർലമെന്റ് നേരിട്ട് ഇടപെടുന്നതും രാജ്യത്തെ എല്ലാ ബാങ്കുകളും കോർ ബാങ്കിംഗ് സിസ്റ്റത്തിലേക്ക് മാറണമെന്ന പാർലമെന്റ് നിയമവും ബക്ഷി കമ്മിറ്റി റിപ്പോർട്ടും വിവിധ സഹകരണ ബാങ്കുകൾ എ.ടി.എം. സിസ്റ്റത്തിലോട്ട് മാറണമെന്നും കിസാൻ ക്രെഡിറ്റ് കാർഡ് സംവിധാനം നിലവിൽ വരുത്തണമെന്നും സി.ആർ/എ.ആർ അസറ്റ് റേഷ്യോ പ്രകാരം ഡെപ്പോസിറ്റുകൾ ഉണ്ടാകണമെന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്നതും പരിശോധിക്കണം. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിന് അനുയോജ്യമല്ലായെന്ന നിലപാടിൽ ഉറച്ചു നിൽക്കണം. പ്രാഥമിക സഹകരണ ബാങ്കുകളിലൂടെ വായ്പാ വിതരണം ചെയ്യാനുള്ള അവകാശം ഇല്ലാതാകുന്ന അവസ്ഥ പരിശോധിക്കണം. കോർ ബാങ്കിംഗ് സിസ്റ്റം

സംസ്ഥാനത്ത് നടപ്പാക്കുന്നതിലൂടെ പ്രാഥമിക സഹകരണ ബാങ്കിലൂടെ കൃഷിക്കാർക്ക് വായ്പ ലഭ്യമാകാത്ത സാഹചര്യത്തേയും സംസ്ഥാനത്തിന് ദോഷകരമാകുന്ന മറ്റ് ഘടനാപരമായ പരിഷ്ക്കാരങ്ങളേയും എതിർക്കാൻ തയ്യാറാകണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പ നൽകുന്നത് നിർത്തലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിനോ സഹകരണസംഘം രജിസ്ട്രാർക്കോ യാതൊരറിയിപ്പും ലഭിച്ചിട്ടില്ല. സംസ്ഥാനത്തെ സഹകരണ വായ്പാ മേഖലയിലെ ത്രിതല സംവിധാനത്തെ ദോഷകരമായി ബാധിക്കുന്ന ബക്ഷി കമ്മീഷൻ ശുപാർശകൾ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് അംഗീകരിക്കാൻ കഴിയാത്തതാണെന്ന് കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂട്ടായി ആലോചിച്ച് നടപടികൾ സ്വീകരിക്കാൻ തയ്യാറാണ്. 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ സഹകരണ സംഘം മുഖേന കാർഷിക വായ്പകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾവഴി വിതരണം ചെയ്യുന്ന കാർഷിക വായ്പയുടെ 40 ശതമാനം നബാർഡിൽനിന്നും പുനർ വായ്പയായി ലഭിക്കുന്നുണ്ട്. കേരളത്തിൽ കാർഷിക വായ്പാ വിതരണം കാര്യക്ഷമമാക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും സഹകരണ സംഘങ്ങൾ പരമാവധി കാർഷിക വായ്പകൾ നൽകാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. കാർഷിക വായ്പ വിതരണം നടത്താത്ത സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ കാർഷികേതര വായ്പാ സംഘങ്ങളായി

മാറ്റുന്നതിനുള്ള നിർദ്ദേശവും നിലവിലുണ്ട്. ഇതിനുപുറമേ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന കാർഷിക-കാർഷികാനുബന്ധ ആവശ്യങ്ങൾക്ക് വായ്പകളും നൽകുന്നുണ്ട്. കേന്ദ്ര സർക്കാർ കാർഷിക വായ്പ എ.ടി.എം. വഴി നൽകുന്നത് സംബന്ധിച്ച് സഹകരണമേഖലയ്ക്ക് നിർദ്ദേശം തന്നിട്ടില്ല.

## സബ്മിഷൻ

### (1) വർക്കല കുന്നുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വർക്കല കഹാർ: ചരിത്രപരമായ സവിശേഷതകൾകൊണ്ട് ശ്രദ്ധിക്കപ്പെട്ടതും യുനസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടം നേടുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞതുമായ വർക്കല കുന്നുകൾ സംരക്ഷിക്കുന്നതിനും ജിയോളിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ ക്ലിഫ് സംരക്ഷണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വർക്കല ക്ലിഫ് സംരക്ഷിക്കുന്നതിനും യുനസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ ഡയറക്ടറുടെ വിവരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കുന്നുകൾ ജിയോളജിക്കൽ പാർക്കാക്കി മാറ്റുന്നതിനും പൂർണ്ണമായി സംരക്ഷിക്കുന്നതിനുമുള്ള തീരുമാനം എടുത്തുകഴിഞ്ഞു. വർക്കല കുന്നുകൾ ഇടിഞ്ഞുപോകുന്ന സ്ഥിതിവിശേഷം ഗൗരവമായികണ്ട് കളക്ടറുടെ റിപ്പോർട്ട് വാങ്ങി അത് സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) അക്ഷയ സംരംഭകരുടെ പരിരക്ഷ

ശ്രീ. എ. എം. ആരിഫ്: അക്ഷയ സംരംഭകരുടെ എഗ്രിമെന്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി, അവർ നടത്തിവരുന്ന അനിശ്ചിതകാല സമരം ഒത്തുതീർപ്പാക്കി, അവർക്കാവശ്യമായ പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): അക്ഷയ സംരംഭകരുമായി ചർച്ച ചെയ്ത് എഗ്രിമെന്റിൽ ആവശ്യമായ ഭേദഗതി വരുത്തുകയും അവരുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുകയും ചെയ്യുന്നതാണ്.

## (3) വൈലത്തൂർ വിദ്യാഭ്യാസ ഉപജില്ല

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് പൊൻമുണ്ടം-വൈലത്തൂർ ആസ്ഥാനമായി ഒരു വിദ്യാഭ്യാസ ഉപജില്ല അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ഭരണ സൗകര്യത്തിനും പൊതുജനങ്ങൾക്കും അധ്യാപക-അനധ്യാപക ജീവനക്കാർക്കും സമയബന്ധിതവും മെച്ചപ്പെട്ടതുമായ സേവനം ലഭ്യമാക്കുന്നതിനായാണ് പുതുതായി വിദ്യാഭ്യാസ ജില്ല, ഉപ ജില്ല ഓഫീസുകൾ ആരംഭിക്കുന്നത്. താനൂർ വിദ്യാഭ്യാസ ഉപജില്ല ഓഫീസ് വിഭജിച്ച് വൈലത്തൂർ ആസ്ഥാനമായി വിദ്യാഭ്യാസ ഉപജില്ലാ രൂപീകരിക്കണമെന്നത് സംബന്ധിച്ച് ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## (4) <u>റിവർ മാനേജ്മെന്റ് ഫണ്ട്</u>

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> റിവർ മാനേജ്മെന്റ് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനായി സംസ്ഥാന ഉന്നതതല സമിതികൾ രൂപീകരിക്കുന്നതിനും മുടങ്ങിക്കിടക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്ന പ്രൊപ്പോസലുകൾക്ക് ജില്ലാതല വിദഗ്ദ്ധ സമിതിയുടെ ശുപാർശയിന്മേൽ സംസ്ഥാന ഉന്നതതല സമിതി അംഗീകരിച്ച് ഭരണാനുമതി നൽകണമെന്ന വ്യവസ്ഥയുള്ളതിനാൽ 2010-ലെ ഓർഡിനൻസ് പ്രകാരം സംസ്ഥാന ഉന്നതതല സമിതി രൂപീകരിച്ചു. എന്നാൽ പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ ലാപ്സായതിനാൽ 2013-ൽ പുതുക്കിയ ഓർഡിനൻസ് പുറപ്പെടുവിക്കുകയും അതുപ്രകാരം നിലവിൽ വന്ന ആക്ടിന്റെ അടിസ്ഥാനത്തിൽ വീണ്ടും സംസ്ഥാന ഉന്നതതല സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമിതി യോഗം ചേർന്ന് വിവിധ നദീതീര സംരക്ഷണ പദ്ധതികൾ പരിശോധിച്ച് അംഗീകാരം നൽകുന്നതാണ്.

## (5) <u>ശമ്പള പരിഷ്ക്കരണം</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> ഒൻപതാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ആനുകൂല്യങ്ങൾ കേരള സംഗീത-നാടക അക്കാദമി ജീവനക്കാർക്ക് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുന്ന പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി ഇടപെട്ട് കേരള

സംഗീത-നാടക അക്കാദമി ജീവനക്കാർക്ക് ഒൻപതാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (6) നിതാഖത് നിയമം

ശ്രീ. പി. കെ. ബഷീർ: നിതാഖത് നിയമം മൂലം സൗദി അറേബ്യയിൽ നിന്നും മടങ്ങുന്നവർക്ക് പ്രത്യേക വിമാന സർവ്വീസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സൗദി അറേബ്യയിൽ എക്സിറ്റ് പാസ്സിനുള്ള രജിസ്ട്രേഷന്റെ അവസാന തീയതി 2013 - ജൂലൈ 3 ആണ്. എഴുപതിനായിരത്തോളം ഇന്ത്യാക്കാർ രജിസ്റ്റർ ചെയ്തതിൽ ആറായിരത്തോളം പേർ മലയാളികളാണ്. എക്സിറ്റ് പാസ് കൊടുത്ത് തുടങ്ങിയതിനാൽ അടുത്തയാഴ്ച മുതൽ മടക്കയാത്രയുടെ തിരക്കും ജൂൺ അവസാന വാരം അവിടെ സ്കൂൾ അവധി ആരംഭിക്കുമ്പോൾ മറ്റ് യാത്രക്കാരുടെ തിരക്കുമുണ്ടാകും. ഈ സമയത്ത് എല്ലാ എയർലൈനുകളും ഭാരിച്ച ടിക്കറ്റ് ചാർജ്ജാണ് ഈടാക്കുന്നത്. എക്സിറ്റ് പാസ്സുള്ള എല്ലാ വർക്കും സാധാരണ നിരക്കിലുള്ള ടിക്കറ്റ് ചാർജ് ഈടാക്കാനും വേണ്ടിവന്നാൽ എയർ ഇൻഡ്യ പ്രത്യേക സർവ്വീസ് നടത്തി ഇവരെ നാട്ടിലെത്തിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (7) കൊയിലാണ്ടി ഫിഷിംഗ് ഹാർബർ

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് ഭരണാനുമതി നൽകി പുലിമുട്ട്, വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നി വയുടെ നിർമ്മാണം പൂർത്തിയായി. പരിസരവാസികളുടെ എതിർപ്പുമൂലം ഡ്രെഡ്ജിംഗ് നടത്തുവാൻ സാധിച്ചിട്ടില്ല. തുറമുഖ നിർമ്മാണത്തിനായി നബാർഡിൽനിന്ന് 47.72 കോടി രൂപ ഇതിനകം ചെലവഴിച്ചുകഴിഞ്ഞു പ്രവർത്തി പൂർത്തികരിക്കുന്നതിനായി 61.13 കോടി രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ട് കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഹാർബർ ചീഫ് എഞ്ചിനീയർ കേന്ദ്ര കൃഷി മന്ത്രാലയ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതി കൾ കൂടി അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

## (8) പേരാവൂർ സെക്ഷൻ ഓഫീസ്

ശ്രീ. സണ്ണി ജോസഫ്: പേരാവൂർ ആസ്ഥാനമായി പൊതുമരാമത്ത് വകുപ്പിന്റെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും) വിഭാഗത്തിന്റെ ഒരു സെക്ഷൻ ഓഫീസ്

എങ്കിലും വരത്തക്ക രീതിയിൽ സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട് നാറ്റ്പാക് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജില്ലകളിൽ അധികമായുള്ള സെക്ഷനുകൾ കണ്ടെത്തുകയും അതനുസരിച്ച് പുതുക്കിയ ശുപാർശ ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒരു നിയോജകമണ്ഡലത്തിൽ ഒരു സെക്ഷൻ ഓഫീസ് എന്നത് ഉറപ്പുവരുത്താനാണ് ശ്രമിക്കുന്നത്. ഇതനുസരിച്ചുള്ള ക്രമീകരണം പേരാവൂർ മണ്ഡലത്തിലും വരുത്തുന്നതാണ്.

## (9) <u>പുലിമുട്ട് നിർമ്മാണം</u>

<u>ശ്രീ. ജി. സുധാകരൻ:</u> അമ്പലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): കടലാക്രമണത്തിന്റെ വ്യാപ്തി കണക്കാക്കിയാണ് 750 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്. അമ്പലപ്പുഴ മണ്ഡലത്തിലെ തീരപ്രദേശത്ത് കടൽക്ഷോഭമുണ്ടാകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുറക്കാട് പഞ്ചായത്തിലെ 600 മീറ്റർ കടൽത്തീരം സംരക്ഷിക്കുന്നതിനായി 3.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവിടെ നാല് കിലോമീറ്റർ നീളത്തിൽ പുലിമുട്ട് നിർമ്മിക്കുന്നതിന് സാങ്കേതിക പഠനം നടത്താൻ ചുമതലപ്പെടുത്തിയിരുന്ന ചെന്നൈ ഐ.ഐ.ടി. യുടെ പഠന റിപ്പോർട്ട് പ്രകാരം പൂന്തുറ ഭാഗം ഉൾപ്പെടെ നാല് സ്ഥലത്ത് പുലിമുട്ട് നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 24 കി.മീ. ദൂരം പുലിമുട്ട് നിർമ്മിക്കുവാൻ ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം കണ

ക്കിലെടുത്ത് നബാർഡിന്റെ സഹായത്തോടെ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്തുവരുന്നു.

## (10) മാലിന്യ സംസ്കരണ പ്ലാന്റ്

ശ്രീ. വി. പി. സജീന്ദ്രൻ: ബ്രഹ്മപുരത്ത് അത്യാധുനിക മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനും പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ബ്രഹ്മപുരത്ത് ട്രിപ്പിൾ ഫീ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനായി അഞ്ച് ഏജൻസികളിൽനിന്നും ലഭിച്ച പ്രൊപ്പോസൽ സർക്കാർ രൂപീകരിച്ച സാങ്കേതിക സമിതി വിലയിരുത്തുകയും അതിൽ ഏറ്റവും കുറഞ്ഞ വൈദ്യുതി നിരക്ക് ആവശ്യപ്പെട്ട കമ്പനിയും രണ്ടാമത് വന്ന കമ്പനിയും സമർപ്പിച്ച ഫൈനാൻഷ്യൽ ബിഡ്ഡിൽ പോരായ്മകൾ ഉണ്ടെന്ന സമിതി ശുപാർശ പരിഗണിച്ച് അവിടെ പ്ലാന്റ് സ്ഥാപിക്കാൻ വിളിച്ച ടെണ്ടറുകൾ റദ്ദ് ചെയ്യാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. 2014 മാർച്ച് മാസത്തിനുള്ളിൽ ആധുനിക പ്ലാന്റ് സ്ഥാപിക്കുമെന്ന തീരുമാനമനുസരിച്ച് സ്വിസ് ചാലഞ്ച് രീതിയിൽ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പൂർത്തിയാക്കി നിർദ്ദിഷ്ട കാലാവധിക്കകംതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കോമ്പൗണ്ട് വാൾ നിർമ്മിക്കുക, പ്ലാന്റിന്റെ പരിസരത്ത് ഗ്രീൻ ബെൽറ്റ് സ്ഥാപിക്കുക, കൂടിക്കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രാപ് ചെയ്യുക തുടങ്ങിയ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എത്രയുംവേഗം കൊച്ചി നഗരസഭാ മേയറേയും മറ്റും

പങ്കെടുപ്പിച്ചുകൊണ്ട് ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി പ്രശ്ന പരിഹാരം നടത്തുന്നതാണ്.

## (11) പന്തളം ഗ്രാമ പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കൽ

ശ്രീ. ചിറ്റയം ഗോപകുമാർ: പത്തനംതിട്ട ജില്ലയിലെ പന്തളം ഗ്രാമ പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): പന്തളം പഞ്ചായത്തിനെ 1990-ൽ മുനിസിപ്പാലിറ്റിയാക്കി ഉയർത്തിയെങ്കിലും ജനങ്ങളുടെ പ്രക്ഷോഭം കാരണം 1993-ൽ വീണ്ടും പഞ്ചായത്താക്കി മാറ്റി. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുന്ന ഏതൊരു മാറ്റവും പഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്ക് അല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ പന്തളം ഗ്രാമ പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കി മാറ്റാനുള്ള നടപടികൾ 2015-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പിന്റെ ഒരു വർഷം മുമ്പായി മാത്രമേ പരിഗണിക്കുവാൻ നിവൃത്തിയുള്ളൂ.

## (12) തൃശ്ശൂർ ജില്ലയിലെ ഗുണ്ടാമാഫിയാ വിളയാട്ടം

ശ്രീ. കെ. രാധാകൃഷ്ണൻ: തൃശ്ശൂർ ജില്ലയിലെ ഗുണ്ടാ മാഫിയാ വിളയാട്ടം അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): തൃശ്ശൂർ ജില്ലയിലെ ഗുണ്ടാ മാഫിയാ വിളയാട്ടം അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ പോലീസ് പട്രോളിംഗ് ശക്തമാക്കുകയും ഷാഡോ പോലീസിന്റെ സേവനം എല്ലായിടത്തും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലും പോലീസിന്റെ ഹെൽപ് ലൈൻ നമ്പരുകൾ പ്രദർശിപ്പിക്കുകയും സഹായം ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ അടിയന്തരമായി നൽകിവരുകയും ചെയ്യുന്നു. ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, പ്രധാനപ്പട്ട ജംഗ്ഷൻ എന്നിവിടങ്ങളിൽ സി.സി.ടി.വി സ്ഥാപിച്ചിട്ടുണ്ട്. ജില്ലയിലെ സബ്ഡിവിഷനുകളിൽ പ്രവർത്തിക്കുന്ന വയർലെസ് കൺട്രോൾ റൂമുകൾ വഴി വരുന്ന സന്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റേഷനുകളിലേയ്ക്ക് കൈമാറി ഉടൻ നടപടി സ്വീകരിക്കുന്നുണ്ട്. ഗുണ്ടകളെ നിയന്ത്രിക്കുന്നതിനുള്ള കാപ്പ ആക്ട് പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്ത ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ധനകാര്യം**

**2013-2014 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ (261,08,02,000 രൂപ)

ധനാഭ്യർത്ഥന നമ്പർ III-നീതിന്യായ നിർവ്വഹണം (283,77,69,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV -വനം (322,30,35,000 രൂപ)

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(സർവ്വശ്രീ സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, പി. തിലോത്തമൻ, മുല്ലക്കര രത്നാകരൻ, കെ. അജിത്, കെ. രാജു, ചിറ്റയം ഗോപകുമാർ, ഇ.കെ. വിജയൻ, വി. ശശി, കെ.വി. അബ്ദുൾ ഖാദർ, കോടിയേരി ബാലകൃഷ്ണൻ, എം. എ. ബേബി, ബാബു എം. പാലിശ്ശേരി, ഇ.പി. ജയരാജൻ, ബി.ഡി. ദേവസ്സി, എം. ഹംസ, കെ. രാധാകൃഷ്ണൻ, ജെയിംസ് മാത്യു, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ (ഉദുമ), കെ.കെ. നാരായണൻ, പുരുഷൻ കടലുണ്ടി, പി.റ്റി.എ. റഹീം, ആർ. രാജേഷ്, സി.കെ. സദാശിവൻ, സാജു പോൾ, ജി. സുധാകരൻ, കെ.വി. വിജയദാസ്, എ.എ. അസീസ്,

വി. ചെന്താമരാക്ഷൻ, കെ. ദാസൻ, ഡോ. ടി.എം. തോമസ് ഐസക്, ഡോ. കെ.ടി. ജലീൽ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതി ഗീതാ ഗോപി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. ഇ. പി. ജയരാജൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ സ്വീകരിച്ചിരിക്കുന്ന നയങ്ങളുടെ ഫലമായി മതനിരപേക്ഷതയുടെ സംസ്കാരത്തിൽ നിന്ന് കേരളം അകന്നുപോയിക്കൊണ്ടിരിക്കുകയാണ്. ഭരണരംഗത്ത് നിശ്ചലാവസ്ഥയാണ് നിലനിൽക്കുന്നത്. കേരളത്തിന്റെ സമഗ്ര മായ വളർച്ചയ്ക്കാവശ്യമായ കാർഷിക-വ്യാവസായിക രംഗത്തെ അഭിവൃദ്ധി പ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. അതിരൂക്ഷമായ വിലക്കയറ്റം മൂലം ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. കുടിവെള്ളത്തിനുപോലും ജനങ്ങൾക്ക് അമിത വില നൽകേണ്ടിവരുന്നു. പകർച്ചവ്യാധികൾ പ്രതിരോധിക്കാനാവശ്യമായ മുൻകരുതൽ സ്വീകരിക്കാൻ ഈ സർക്കാരിന് സാധിച്ചില്ല. ആശുപത്രികളിൽ ഡോക്ടർമാരും മരുന്നുമില്ലാത്ത അവസ്ഥയാണുള്ളത്. സംസ്ഥാനത്ത് അരിയുടേയും നിത്യോപയോഗ സാധ നങ്ങളുടെയും വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നിലവാരംകുറഞ്ഞ ഉൽപന്നങ്ങളാണ് വിൽപ്പന നടത്തുന്നത്. നിത്യോപയോഗ സാധങ്ങൾക്കുണ്ടായിരുന്ന സബ്സിഡി വെട്ടി ച്ചുരുക്കുക മാത്രമല്ല അവയുടെ ലഭ്യത കുറയുന്ന അവസ്ഥയിലുമാണ്. സാമ്പ ത്തിക സഹായം നൽകാത്തതു കാരണം കൺസ്യൂമർ ഫെഡ്ഡിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്. വിലനിലവാരം പിടിച്ചുനിർത്താൻ ഓപ്പൺ മാർക്കറ്റിൽ ഇടപെടാൻ ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുന്നില്ല. വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല.

കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിത ബാധ്യത 1922.3 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. സംസ്ഥാനത്ത് ആഭ്യന്തര ഉൽപാദനം കുറഞ്ഞു വരുന്നു. ബഡ്ജറ്റ് കമ്മി നികത്തുന്നതിനുവേണ്ടിയാണ് അധിക നികുതി ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്നത്. കാർഷിക രംഗത്ത് ഉൽപാദനം കുറയുകയും മാർക്കറ്റ് നിർജ്ജീവമാകുകയും ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയ ത്തിന്റെ ദുരന്തമാണ് ഇന്ന് കേരളത്തിലെ കൃഷിക്കാർ അനുഭവിക്കുന്നത്. ആദിവാസി മേഖലകളിൽ പകർച്ചവ്യാധി പടരുകയാണ്. വിദ്യാഭ്യാസ രംഗത്ത് സ്ക്കൂളുകൾ സ്വകാര്യ മേഖലയ്ക്ക് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനവും കരുതലുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. ഈ ഗവൺമെന്റിന്റെ കാലത്ത് സ്മാർട് സിറ്റി, മോണോ റെയിൽ, മെട്രോ റെയിൽ എന്നീ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന ആയിരക്കണക്കിന് അധ്യാപക/അനധ്യാപകർക്കുവേണ്ടി പ്രത്യേക പാക്കേജുണ്ടാക്കി സ്ഥിര നിയമനവും ശമ്പളവും നൽകാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിത്സാ ധനസഹായവും കാരുണ്യാ ബെനവലന്റ് ഫണ്ട് മുഖേന നിർധനരായ രോഗികൾക്ക് സമ്പൂർണ്ണ ചികിത്സാ സൗകര്യവും നൽകിയതും സംസ്ഥാനത്ത് സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയതും ഈ സർക്കാരാണ്. ഡയാലിസിസ് ആവശ്യമായ നിർധനരായ രോഗികൾക്ക് അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്യാൻസർ

രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാൻവേണ്ടി അവരെ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് കളക്ടർമാർക്ക് അനുമതി കൊടുക്കാനും റേഷൻ കാർഡിനുള്ള അപേക്ഷകളിന്മേൽ തീർപ്പുണ്ടാക്കി വിതരണം ചെയ്യുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വികലാംഗ/ആശ്രിത നിയമനങ്ങൾ നടത്തുന്നതിലുണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായി നികത്തി ക്കൊണ്ട് നിയമനങ്ങൾ നൽകുകയും വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതിരുന്നവരുടെ പലിശ എഴുതിത്തള്ളാൻ തയ്യാറാവുകയും അഴിമതി രഹിത ഭരണം കാഴ്ചവയ്ക്കുന്നതിനായി സേവനാവകാശ നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ മുൻകയ്യെടുക്കുകയും ചെയ്ത സർക്കാ രാണിത്. സംസ്ഥാനത്ത് വരൾച്ചയെ നേരിടാൻ അടിയന്തര നടപടികൾ സ്വീകരിക്കാനും ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കാനും സർക്കാർ തയ്യാറായിട്ടുണ്ട്. പനി ബാധിതരായ ആയിരക്കണക്കിന് ആളുകൾക്ക് ചികിത്സാ സൗകര്യമൊരുക്കാനും ആശുപത്രികളിൽ ഡോക്ടർമാരുടേയും നഴ്സുമാരുടേയും അധിക തസ്തിക സൃഷ്ടിച്ച് നിയമനം നടത്താനും കഴിഞ്ഞിട്ടുണ്ട്. എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ആശുപത്രികളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും ആശുപത്രികളിൽ ഡയാലിസിസ് സൗകര്യവും ലാബ് സൗകര്യവുമൊരുക്കി നവീകരിക്കുന്നതിനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. കെ. ബഷീർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനോന്മുഖമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന

സർക്കാരിനെ അഭിനന്ദിക്കുന്നു. അപകടമരണത്തിനുള്ള ധനസഹായം ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചതും പാവപ്പെട്ട രോഗികളുടെ ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്നും മിനിമം പതിനായിരം രൂപ അനുവദിച്ചതും സ്വാഗതാർഹമാണ്. കാരുണ്യ ബനവലന്റ് സ്കീം, കാൻസർ, കിഡ്നി, നട്ടെല്ലിന് ക്ഷതം തുടങ്ങിയ അസുഖം ബാധിച്ച രോഗികൾക്ക് 2 ലക്ഷം രൂപ കൊടുക്കുന്ന പദ്ധതികൾ രൂപീകരിച്ചതും സർക്കാരിന്റെ ഭരണനേട്ടത്തെ സൂചിപ്പിക്കുന്നവയാണ്. അന്ധരും മൂകരും ബധിരരുമായ മൂന്നുവയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അഞ്ചര ലക്ഷം രൂപ ചികിത്സാസഹായം നൽകുന്ന പദ്ധതിയിൽ അഞ്ച് വയസ്സുവരെ പ്രായമുള്ള കുട്ടികളേയും ചികിത്സിച്ചാൽ സംസാരശേഷി കിട്ടുമെന്ന് ഡോക്ടർമാർ സർട്ടിഫൈ ചെയ്യുന്ന കുട്ടികളെ യുംക്കൂടി ഉൾപ്പെടുത്തണം. എൻഡോസൾഫാൻ ദുരിതബാധിതർക്കായി ഒരു പാക്കേജ് ഏർപ്പെടുത്തിയതും താലോലം-നിർഭയ-ആശ്രയ- സാന്ത്വനം-പാലിയേറ്റീവ് കെയർ- സ്നേഹതീരം തുടങ്ങിയ പദ്ധതികളും സ്വാഗതാർഹമാണ്. ആൺമക്കൾ ഉണ്ടെങ്കിലും വാർദ്ധക്യകാല പെൻഷൻ നൽകുന്നതിനായി കുടുംബ വാർഷികവരുമാനം 20,000 രൂപയാക്കിയതും നബാർഡിന്റെ പലിശരഹിത പദ്ധതികൾക്ക് രൂപം കൊടുത്തതും പഞ്ചായത്തിൽനിന്നും വീടിന് നമ്പർ കിട്ടാത്ത ആളുകൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് കൊടുക്കാനുമുള്ള തീരുമാനവും കാർഷിക വായ്പയ്ക്ക് പലിശയിളവ് ഏർപ്പെടുത്തിയതും കാൻസർ രോഗികൾക്ക് കെ. എസ്. ആർ. റ്റി. സി. ബസ്സുകളിൽ ടിക്കറ്റ് നിരക്കുകളിൽ 50 ശതമാനം വരെ സൗജന്യം ഏർപ്പെടുത്തിയതും ശ്ലാഘനീയമാണ്. മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ കൊടുക്കുന്ന നടപടി സുതാര്യമാക്കിയതും

വസ്തുരജിസ്ട്രേഷൻ ഫീസിൽ ഇളവ് അനുവദിച്ചതും സർക്കാർ ആശുപത്രികളിൽ പ്രസവച്ചെലവ് സൗജന്യമാക്കിയതും തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തി സമയത്തിൽ ഇളവ് വരുത്തിയതും പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള സഹായധനം ഉയർത്തിയതും ഈ സർക്കാരിന്റെ ഭരണനേട്ടമാണ്. കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ വികലാംഗർക്ക് സ്ഥിരം പാസ് നൽകാനുള്ള തീരുമാനവും വിവാഹ ധനസഹായവും പ്രവാസികൾക്കുള്ള ധനസഹായവും വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളിന്മേൽ എത്രയുംപെട്ടെന്ന് തീർപ്പ് കൽപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ അടിയന്തിരമായി രൂപീകരിക്കണം. ഏറനാട് നിയോജകമണ്ഡലത്തിലെ കീഴുപറമ്പ് പഞ്ചായത്തിൽ റിക്കാർഡിൽ കാഷ്യു പ്ലാന്റേഷന്റേതായിട്ടുള്ള വനം വകുപ്പിന്റെ 350 ഏക്കർ സ്ഥലത്ത് സർക്കാരിന്റെ മേൽനോട്ടത്തിൽ ഒരു ബയോളജിക്കൽ പാർക്കോ അല്ലെങ്കിൽ ഇക്കോ-ടൂറിസം പദ്ധതിക്കോ രൂപം കൊടുക്കണം. 2002 ഒക്ടോബർ 31-ന് ശേഷമുള്ള സോ മില്ലുകളുടെ സംരക്ഷണം സംബന്ധിച്ച് പുതിയ ഫോറസ്റ്റ് റൂളിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ഇതിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീമതി ജമീലാ പ്രകാശം</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ ഗർഭിണികളായ അമ്മമാർക്ക് പോഷകാഹാരം ലഭിക്കാത്തതിനാൽ ചോരക്കുഞ്ഞുങ്ങൾ മരണമടയുന്ന സാഹചര്യം സംജാതമായിരിക്കുകയാണ്. സംസ്ഥാനത്തുടനീളം വ്യാപിച്ചിരിക്കുന്ന

ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ തടയാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. രൂക്ഷമായ വിലക്കയറ്റംമൂലം ജനജീവിതം ദു:സഹമായിരിക്കുന്നു. കർഷക മേഖലയെ തകർക്കുക, പൊതുമേഖലയെ ക്ഷീണിപ്പിക്കുക, ക്രമസമാധാനം ഇല്ലാതാക്കുക, വികസന ക്ഷേമപദ്ധതികൾ നിശ്ചലമാക്കുക, വർഗ്ഗീയ-സാമുദായിക ശക്തികൾക്ക് കീഴ്പ്പെടുക എന്നിവയാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുകയും പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഏർപ്പെടുത്തിയിരിക്കുകയുമാണ്. കൃഷിനാശം സംഭവിച്ച കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യം ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. നെല്ല് സംഭരിച്ച ഇനത്തിൽ കുട്ടനാട്ടിലെ കർഷകർക്ക് നൽകാനുള്ള തുക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം. നെല്ലിയാമ്പതിയിൽ അനധികൃതമായി വനഭൂമിയും തോട്ടഭൂമിയും കയ്യേറിയവർക്ക് ഒത്താശ ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. ന്യായമായ അവകാശങ്ങൾക്കുവേണ്ടി സമരം നടത്തിയ സർക്കാർ ജീവനക്കാർക്കെതിരെ വൈരാഗ്യബുദ്ധിയോടുകൂടി ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് അവസാനിപ്പിക്കണം. അഴിമതിയും കെടുകാര്യസ്ഥതയുമാണ് ഈ ഭരണത്തിൻകീഴിൽ നടക്കുന്നത്. വാട്ടർ സപ്ലൈ ആക്റ്റ് അട്ടിമറിച്ചു. കഴിഞ്ഞ സർക്കാർ ലാഭത്തിലാക്കിയ കെ.എം.എം.എൽ.-നെ നഷ്ടത്തിലാക്കാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. പൊതുപ്രവർത്തകരെ ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തി നാടുകടത്താനുള്ള നീക്കം പ്രതിഷേധാർഹമാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ റേറ്റ് നിശ്ചയിച്ച് ടാക്സ് ഏർപ്പെടുത്താൻ നടപടി

സ്വീകരിക്കണം. ജനാധിപത്യ മര്യാദക്രമം അനുസരിച്ച് പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയുടെ പ്രവർത്തനം അങ്ങേയറ്റം ശ്ലാഘനീയമാണ്. ലോട്ടറി വിൽപ്പനയിലൂടെ 2700 കോടി രൂപ ഖജനാവിലേയ്ക്കെത്തിക്കാൻ സർക്കാരിന് സാധിച്ചു. പാവപ്പെട്ടവരായ രോഗികൾക്ക് ആശ്വാസമായി കാരുണ്യ ലോട്ടറി ഏർപ്പെടുത്തി. രാഷ്ട്രീയ കൊലപാതകങ്ങളിലെ യഥാർത്ഥ പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ സർക്കാരിന് സാധിച്ചു. സ്മാർട്ട് സിറ്റി, മെട്രോ റെയിൽ തുടങ്ങിയ നിരവധി പദ്ധതികൾ യാഥാർത്ഥ്യ മാക്കാൻ നടപടി സ്വീകരിച്ചു. 47 വർഷമായി ഒരേ രീതിയിൽ തുടരുന്ന വിദ്യാഭ്യാസ സംവരണ നിയമം കാലോചിതമായി പരിഷ്ക്കരിക്കണം. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് വിദ്യാഭ്യാസ മേഖല യിൽ 77 പിന്നോക്ക സമുദായങ്ങൾക്ക് 3 ശതമാനം എന്ന സംവരണതത്വ ത്തിൽ മാറ്റം വരുത്തുന്നതിനും അവഗണിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ശ്രീ. എ. എ. അസീസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുകയും പവർക്കട്ടും ലോഡ് ഷെഡിംഗുംമൂലം വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി തൊഴിലാളി കളെ ബുദ്ധിമുട്ടിലാക്കുകയും ചെയ്യുന്ന സർക്കാരാണിത്. പോഷകാഹാരം കിട്ടാതെ ആദിവാസികൾ ദുരിതത്തിലായിരിക്കുന്ന സ്ഥിതിവിശേഷമാണ് സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്നത്. സമുദായ സംഘടനകളുടെ നീരാളിപ്പിടിത്തംമൂലം ജനകീയ പ്രശ്നങ്ങൾക്ക് ശരിയായ പരിഹാരം കാണുന്നില്ല. അഴിമതി വർദ്ധിക്കുകയും സർക്കാർ ജീവനക്കാരെ മാനദണ്ഡങ്ങളില്ലാതെ സ്ഥലം മാറ്റുകയും ചെയ്യുന്നു. അരുവിക്കരയിലെ

കുപ്പിവെള്ള വിതരണ സംവിധാനം അട്ടിമറിച്ചു. വിദ്യാഭ്യാസ മേഖലയെ വാണിജ്യവൽക്കരിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിന് പരിഹാര മാർഗ്ഗങ്ങൾ കാണുന്നില്ല. അഗതികളുടെ പെൻഷൻ പദ്ധതി ബി.പി.എൽ. വിഭാഗത്തിനുമാത്രമായി ഒതുക്കി. കടൽക്ഷോഭംമൂലം ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾ ദുരിതം അനുഭവിക്കുകയാണ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാർ സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിക്കാതെ സർക്കാർ ഓഫീസുകളെ നോക്കുകുത്തികളാക്കുന്ന സ്ഥിതിയാണുള്ളത്. സമസ്ത മേഖലകളിലും വികസന മുരടിപ്പാണ് കാണുന്നത്. കുടിവെള്ളം സ്വകാര്യവത്കരിക്കുന്നതോടുകൂടി കുടിവെള്ള പ്രശ്നം രൂക്ഷമാകുകയും വെള്ളക്കരം വർദ്ധിക്കുകയും ചെയ്യും. സംസ്ഥാനത്തിന് ലഭിക്കുന്ന ധനകാര്യ കമ്മീഷന്റെ ഗ്രാന്റിന് നിബന്ധനകൾ ഏർപ്പെടുത്തുകയും കേന്ദ്ര നിക്ഷേപം കുറയുകയും ചെയ്തു. കോച്ച് ഫാക്ടറി, വാഗൺ ഫാക്ടറി, മെഡിക്കൽ കോളേജുകൾ, ഐ.ഐ.ടി. എന്നിവയ്ക്കുള്ള കേന്ദ്ര സഹായം ലഭ്യമാകാത്തതിനാൽ നടപ്പിലാക്കാൻ സാധിക്കുന്നില്ല. വൈദ്യുതി ഉല്പാദനത്തിന് ആവശ്യമായ തുക വകയിരുത്താനോ വിഴിഞ്ഞം തുറമുഖം, സ്മാർട്ട് സിറ്റി എന്നിവ പൂർത്തിയാക്കാനോ സാധിച്ചിട്ടില്ല. സംസ്ഥാന ജീവനക്കാരുടെ താൽപര്യങ്ങൾക്കെതിരായ പെൻഷൻ പരിഷ്കരണം നടപ്പിലാക്കുകയും കാലാവധി നീട്ടിയ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താതിരിക്കുകയും ജീവനക്കാരെ മാനദണ്ഡമില്ലാതെ സ്ഥലം മാറ്റുകയും പിൻവാതിൽ നിയമനങ്ങൾ നടത്തുകയും ചെയ്ത സർക്കാരാണിത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച ഭൂരിഭാഗം അപേക്ഷകൾക്കും പരിഹാരം കാണാൻ സാധിച്ചത് അഭിമാനാർഹമായ കാര്യമാണ്. 56 വകുപ്പുകളിൽ സേവനാവകാശ നിയമം നടപ്പിലാക്കുകയും ഇ-ഗവേണൻസിന്റെ ഭാഗമായി ഐ.ടി, ഹയർ എഡ്യുക്കേഷൻ, നിയമം എന്നീ വകുപ്പുകളിൽ ഐഡിയാസ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് ഫയൽ മൂവ്മെന്റ് നേരിട്ടറിയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തത് സ്വാഗതാർഹമാണ്. ഇ-ഡിസ്ട്രിക്റ്റ് നടപ്പിലാക്കിയ ഇൻഡ്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. രണ്ട് ലക്ഷം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വിതരണം ചെയ്യുകയും അക്ഷയ സെന്ററുകൾ വഴി 23 സേവനങ്ങൾ നൽകുകയും കമ്പ്യൂട്ടർ സാക്ഷരതയ്ക്കായി ഇ-ലേണിംഗ് പരിപാടി നടപ്പാക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമുകൾ നടത്തുന്ന അക്ഷയ സെന്ററുകളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. സ്മാർട്ട് സിറ്റി ആദ്യഘട്ട നിർമ്മാണം ഉടൻ ആരംഭിക്കും. കൊച്ചിൻ മെട്രോയുടെ നിർമ്മാണം ആരംഭിക്കുകയും മോണോ റെയിൽ സംബന്ധിച്ച് ഡി.എം.ആർ.സി. യുമായി കരാർ ഒപ്പു വയ്ക്കാൻ തീരുമാനമാകുകയും ചെയ്തു. വിഴിഞ്ഞം പോർട്ടിന്റെയും കണ്ണൂർ വിമാനത്താവളത്തിന്റെയും പാരിസ്ഥിതികാഘാത പഠനം പൂർത്തിയായി. എഴുപതിനായിരം പി.എസ്.സി. നിയമനങ്ങൾ നടന്നു. പുതിയ തലമുറയുടെ സ്വപ്നങ്ങൾ നിറവേറ്റുന്നതിനും ആശയങ്ങൾ സഫലമാക്കുന്ന തിനുമായി സ്റ്റാർട്ട് അപ് വില്ലേജുകൾ ആരംഭിച്ചു. കരുതലിന്റെ ഭാഗമായി കോക്ലിയാർ ഇംപ്ലാന്റേഷനുവേണ്ടിയുള്ള ശ്രുതി തരംഗം പദ്ധതിയും

എൻഡോസൾഫാൻ ദുരിത ബാധിതർക്കായി പ്രത്യേക പാക്കേജും കൊണ്ടുവന്നു. കാരുണ്യ ലോട്ടറിയിലൂടെ സമാഹരിച്ച 110 കോടി രൂപ 10307 രോഗികൾക്ക് ധനസഹായമായി നൽകി. പുതുതായി 12 താലൂക്കുകൾ രൂപീകരിക്കുകയും മൂന്ന് മെഡിക്കൽ കോളേജുകൾ ആരംഭിക്കുകയും ചെയ്തു. കൊയിലാണ്ടിയിൽ കാർഷിക മേഖലയ്ക്കായി 50 കോടി രൂപയുടെ പ്രോജക്ട് അനുവദിച്ചു. സൗദി അറേബ്യയിൽ നിതാഖത് നിയമം നടപ്പാക്കിയപ്പോൾ പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. പട്ടികജാതി മേഖലയിൽ നടപ്പാക്കുന്ന ഒരുകോടി സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്ന പദ്ധതി സ്വാഗതാർഹമാണ്.

ശ്രീ. ജി. സുധാകരൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ രണ്ടു വർഷം പ്ലാൻ ഫണ്ട് വേണ്ട രീതിയിൽ ചെലവഴിച്ചിട്ടില്ല. വനം വകുപ്പ് ഇപ്പോൾ നിരവധി തട്ടുകളായി മാറിയിരിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരെയും വനവിഭവങ്ങളെയും സംരക്ഷിക്കേണ്ട വനം വകുപ്പിനെ കൊള്ളയടിക്കുന്ന ഉദ്യോഗസ്ഥരെ നിയന്ത്രിക്കണം. ശബരിമല വികസനത്തെ വനം വകുപ്പ് തടസ്സപ്പെടുത്തുകയാണ്. കടൽഭിത്തി കെട്ടി കടൽത്തീരം സംരക്ഷിക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. ഇ-ഗവേണൻസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. മെട്രോ റെയിൽ പദ്ധതി യഥാസമയം നടപ്പാക്കാത്തതു കാരണം സംസ്ഥാന ഖജനാവിന് അധികച്ചെലവ് വന്നിരിക്കുകയാണ്. മാനദണ്ഡങ്ങൾ പാലിക്കാതെയും സ്വജനപക്ഷപാതപരമായുമാണ് വിവിധ

മേഖലകളിൽ ഗവൺമെന്റ് റോഡുകൾ അനുവദിച്ചത്. മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചതിനെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. റ്റി. എ. അഹ്മദ് കബീർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ട് വർഷക്കാലംകൊണ്ട് അഭിമാനകരമായ ഭരണനേട്ടമാണ് ഈ സർക്കാർ ഉണ്ടാക്കിയിരിക്കുന്നത്. എഫിഷ്യൻസിയും അക്കൗണ്ടബിലിറ്റിയും സംയോജിപ്പിച്ചു കൊണ്ടുപോകാൻ കഴിയുന്ന ആശയസമ്പുഷ്ടമായ ഒരു ഭരണക്രമം കെട്ടിപ്പടുക്കുന്നതിനാണ് ഐക്യജനാധിപത്യ മുന്നണി ശ്രമിക്കുന്നത്. മികച്ച ഭരണ നേതൃത്വവും ധനകാര്യ മാനേജുമെന്റും ഈ സർക്കാരിന്റെ മുതൽക്കൂട്ടാണ്. പ്രഖ്യാപിക്കപ്പെട്ട പരിപാടികൾക്ക് അനുസൃതമായി ഈ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയാൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിന് ഒരു മാസത്തെ സമയം അനുവദിക്കാനും തുടർന്ന് അസംബ്ലി ചേരാനും കഴിയുന്ന രീതിയിൽ നടപടിക്രമങ്ങൾ ഷെഡ്യൂൾ ചെയ്യണം. ഗൾഫ് നാടുകളിൽ ജോലി സാദ്ധ്യതകൾ കുറയുന്ന സാഹചര്യത്തിൽ കൂടുതൽ വിമാനത്താവളങ്ങൾ നിർമ്മിക്കുന്നതിന് മുൻഗണന നൽകണമോ യെന്ന് ആലോചിക്കണം. കുടിവെള്ള വിതരണത്തിനുവേണ്ടി രൂപീകരിക്കുന്ന കമ്പനിയുടെമേൽ സർക്കാരിന്റെ നിയന്ത്രണമുണ്ടാകണം. പൊതുമേഖലയെ സംരക്ഷിക്കണം.

<u>ശ്രീ. സി. ദിവാകരൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആഗോള സാമ്പത്തിക പ്രതിസന്ധിയുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യയുടെ ആഭ്യന്തരോല്പാദന പ്രതിശീർഷ വരുമാനവും രൂപയുടെ മൂല്യവും തകരുന്നതിന്റെ ഫലമായി ജനങ്ങൾ ദുരിതത്തിലായിരിക്കുകയാണ്. രാജ്യം

സാമ്പത്തിക ബുദ്ധിമുട്ടിലേക്ക് നീങ്ങുമ്പോൾ കോർപ്പറേറ്റ് കമ്പനികൾക്ക് കോടിക്കണക്കിന് രൂപയുടെ സൗജന്യങ്ങളാണ് അനുവദിച്ചിരിക്കുന്നത്. ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനും റേഷൻ കാർഡ് ബി.പി.എൽ. ആക്കുന്നതിനും കൊടുത്ത അപേക്ഷകളിന്മേൽ ഈ സർക്കാർ ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. അട്ടപ്പാടിയിലെ ആദിവസികളുടെ പ്രശ്നത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാനോ വകുപ്പുമന്ത്രിയെ ഇക്കാര്യത്തിൽ ഇടപെടുത്തുവാനോ ഗവൺമെന്റിന് സാധിച്ചിട്ടില്ല. വിലക്കയറ്റത്തിന്റെ ദുരിതം അനുഭവിക്കുന്ന ജനങ്ങളുടെ ബുദ്ധിമുട്ട് ഈ സർക്കാർ കാണുന്നില്ലെന്ന് മാത്രമല്ല അത് സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചിട്ടുമില്ല. സ്ത്രികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചിരിക്കുകയാണ്. സർക്കാർ ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഈ സർക്കാർ ഇല്ലാതാക്കി. ഒരു രൂപയ്ക്ക് അരി, സർക്കാർ ജീവനക്കാർക്ക് കേന്ദ്ര പാരിറ്റി, വൈദ്യുതി ഉത്പാദന വർദ്ധനവ്, ട്രാൻസ്പോർട്ട് വകുപ്പിന്റെ പുനരുദ്ധാരണം, മിച്ചഭൂമി ഏറ്റെടുക്കൽ തുടങ്ങിയ പ്രഖ്യാപനങ്ങൾ നടത്തിയതല്ലാതെ നടപ്പാക്കാൻ കഴിയാത്ത ഈ സർക്കാരിന് അധികാരത്തിൽ തുടരാനുള്ള ധാർമ്മിക അവകാശമില്ല.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തി ജനങ്ങളുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനം നേരിട്ട രൂക്ഷമായ വരൾച്ചയ്ക്ക് പരിഹാരം കാണാൻ എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചുചേർത്ത് നടപടി സ്വീകരിക്കുകയും വരൾച്ച ബാധിത ജില്ലകളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തുക വർദ്ധിപ്പിച്ച്

കൊടുക്കുകയും ചെയ്തു. പകർച്ചവ്യാധി തടയുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ ഡോക്ടർമാരേയും നഴ്സുമാരേയും നിയമിച്ച് കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. നിതാഖത് നിയമം മൂലം വിദേശത്തുനിന്നും മടങ്ങിവന്ന പ്രവാസികളുടെ കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാനും മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന ഇറ്റാലിയൻ നാവികർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കാനും സർക്കാരിന് കഴിഞ്ഞു. അന്ധരും ബധിരരും മൂകരുമായ കുഞ്ഞുങ്ങൾക്കായി കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞു. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ പദവി നേടിയെടുക്കാനും വികസന രംഗത്ത് ഒട്ടനവധി കാര്യങ്ങൾ ചെയ്യാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, വിഴിഞ്ഞം പദ്ധതി, എമർജിംഗ് കേരള, മോണോ റെയിൽ, കണ്ണൂർ വിമാനത്താവളം തുടങ്ങിയ പദ്ധതികളുടെ പൂർത്തീകരണത്തോടെ വികസനത്തിന്റെ കാര്യത്തിൽ വൻമുന്നേറ്റമാണ് സംസ്ഥാനത്തുണ്ടാകാൻ പോകുന്നത്. വിഴിഞ്ഞം, കണ്ണൂർ വിമാനത്താവളം, മോണോ റെയിൽ തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയതും പ്രൊഫഷണൽ കോഴ്സുകളുൾപ്പെടെയുള്ള ഉന്നത പഠനത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയതും തൊഴിൽതേടി വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കിയതും സർക്കാരിന്റെ മികവുറ്റ ഭരണനേട്ടമാണ്. വനങ്ങളെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനജീവിതത്തെ അത്യന്തം ദുസ്സഹവും ദുരിതപൂർണ്ണവുമാക്കുന്ന നടപടികളുമായാണ് ഈ സർക്കാർ മുന്നോട്ട്

പോകുന്നത്. സംസ്ഥാനത്ത് പട്ടിണിയും പകർച്ചവ്യാധികളും പടർന്നുപിടിക്കുമ്പോഴും സർക്കാർ നിസ്സംഗതാ മനോഭാവമാണ് പ്രകടിപ്പിക്കുന്നത്. അട്ടപ്പാടി ആദിവാസി കുടുംബങ്ങളിലെ കുഞ്ഞുങ്ങൾ പട്ടിണിമൂലം മരണപ്പെട്ടുകൊണ്ടിരിക്കുമ്പോഴും മഴക്കാലരോഗങ്ങളെക്കുറിച്ച് മുന്നറിയിപ്പ് കിട്ടിയിട്ടും അതിനെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മാലിന്യനിർമ്മാർജ്ജനത്തിനും കൊതുകുനിവാരണത്തിനും ഒരു നടപടിയും സ്വീകരിച്ചില്ല. ആശുപത്രികളിൽ ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും കുറവും മരുന്നുകളുടെ അപര്യാപ്തതയും രൂക്ഷമാകുമ്പോഴും വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് സർക്കാർ ജനങ്ങളെ കബളിപ്പിക്കുകയാണ് ചെയ്തത്. തകർച്ചയെ നേരിടുന്ന ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കുന്ന കാര്യത്തിലും ജനങ്ങൾക്കാവശ്യമായ പ്രാഥമികജീവിതസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. വൈദ്യുതി നിരക്ക് വർദ്ധനയും നിത്യോപയോഗ സാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റവുംകൊണ്ട് ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമായിരിക്കുകയാണ്. സബ്സിഡികൾ വെട്ടിച്ചുരുക്കിയും മാവേലിസ്റ്റോറുകളിൽ അവശ്യ സാധനങ്ങൾ ലഭ്യമാകാത്ത സ്ഥിതിയുമാണ് ഉണ്ടായിരിക്കുന്നത്. കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ സ്വകാര്യ ഗോഡൗണുകളിലേയ്ക്ക് തിരിച്ചുവിട്ട് അഴിമതി നടത്തുകയാണ്. ഭക്ഷ്യധാന്യങ്ങൾക്കും പച്ചക്കറികൾക്കും പതിൻമടങ്ങ് വില വർദ്ധിച്ചിരിക്കുകയാണ്. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്കായി ആശ്വാസ നടപടികൾ സ്വീകരിക്കുന്നില്ല. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം നേടിയെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. നെല്ല് സംഭരിച്ച ഇനത്തിൽ

കുട്ടനാട്ടിലെ കൃഷിക്കാർക്ക് നൽകേണ്ട കുടിശ്ശിക തുക നൽകിയിട്ടില്ല. നാളികേരം സംഭരിക്കാനും മറ്റ് ആശ്വാസ നടപടികൾ സ്വീകരിക്കാനും തയ്യാറാകുന്നില്ല. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും കടക്കെണിയും കാരണം കർഷക ആത്മഹത്യ പെരുകുന്നു. സ്മാർട്ട് സിറ്റി പദ്ധതിയിൽ അൽപ്പംപോലും പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞില്ല. പ്രകൃതിവാതക പൈപ്പ്ലൈൻ, വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖ പദ്ധതി, പാലക്കാട് കോച്ച് ഫാക്ടറി, ചേർത്തല വാഗൺ നിർമ്മാണ യൂണിറ്റ് എന്നിവ അനിശ്ചിതത്വത്തിലാക്കി. വിഴിഞ്ഞം പദ്ധതിക്കനുകൂലമായ കേന്ദ്ര നടപടികൾക്കായി ഈ സർക്കാർ ശ്രമിക്കുന്നില്ല. 'എമർജിംഗ് കേരള' വെറും പ്രഹസനമായി മാറി. കഴിഞ്ഞ സർക്കാർ തുടക്കംകുറിച്ച കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് യാതൊരു തുടർനടപടിയും സ്വീകരിച്ചില്ല. ഭൂപരിധി നിയമം ലംഘിച്ചും തണ്ണീർത്തടം നികത്തിയും ആറൻമുളയിൽ വിമാനത്താവളം നിർമ്മിക്കാൻ സർക്കാർ കൂട്ടുനിൽക്കുകയാണ്. നെല്ലിയാമ്പതിയിൽ അനധികൃതമായി വനഭൂമിയും തോട്ടഭൂമിയും കയ്യടക്കിയവർക്ക് ഒത്താശ ചെയ്യുന്നു. മൂന്നാറിൽ ഭൂമി കയ്യേറിയവരിൽനിന്നും ഏറ്റെടുത്ത ഭൂമി അവർക്കുതന്നെ തിരിച്ചുനൽകുന്ന അവസ്ഥയാണുള്ളത്. സിവിൽ സർവ്വീസിലെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ റദ്ദാക്കി പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുക വഴി വൻകിട കോർപ്പറേറ്റുകളെ സഹായിക്കാനുള്ള നിലപാടാണ് സ്വീകരിക്കുന്നത്. ക്രമസമാധാനനില തകർന്നു. കാറ്റാടിപ്പാടം നിർമ്മാണം, സൗരോർജ്ജ പ്ലാന്റുകൾ എന്നിവയുടെ പേരിൽ തട്ടിപ്പ് നടത്തി കോടിക്കണക്കിന് രൂപയുണ്ടാക്കിയ സരിത എന്ന സ്ത്രീയെ അറസ്റ്റ് ചെയ്തതിനെത്തുടർന്നുള്ള അന്വേഷണത്തിൽ മുഖ്യമന്ത്രിയുടെ ഔദ്യോഗിക

വസതിയിലെ ഫോണുകളിൽനിന്നും പലപ്പോഴായി വിളിച്ചിരുന്നുവെന്നുള്ള വാർത്തയാണ് പുറത്തുവന്നിട്ടുള്ളത്. സ്ത്രീ പീഡകരെ സംരക്ഷിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. വിദ്യാഭ്യാസ രംഗം അഴിമതിയുടെ കൂത്തരങ്ങായിമാറിയിരിക്കുന്നു. IT at school പദ്ധതി പൂർണ്ണമായും തകർത്തു. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അനധികൃത സ്കൂളുകൾക്ക് അംഗീകാരം നൽകാൻ തീരുമാനിക്കുകയും ഐ.ടി അറ്റ് സ്കൂൾ പദ്ധതി പൂർണ്ണമായും തകർക്കുകയും ചെയ്തു. പൊതു വിദ്യാഭ്യാസ രംഗം അഴിമതിയുടെ കൂത്തരങ്ങായി മാറി. കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളെ തകർക്കുകയും ജാതി-മത ശക്തികൾക്ക് അഴിഞ്ഞാടാനുള്ള അവസരമുണ്ടാക്കുകയും ചെയ്തിരിക്കുക യാണ്. അഴിമതിയും കെടുകാര്യസ്ഥതയും ജനവഞ്ചനയും ഈ സർക്കാ രിന്റെ മുഖമുദ്രയായിരിക്കുകയാണ്. വികസനക്ഷേമ പദ്ധതികൾ നിശ്ചലമാ ക്കുകയും വർഗ്ഗീയ സാമുദായിക ശക്തികൾക്ക് സർക്കാർ കീഴ്പ്പെടുകയും ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): ധനാഭ്യർത്ഥനയുടെ ചർച്ചാ വേളയിൽ വനം വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശത്തെ സംബന്ധിച്ച് ഖേദം രേഖപ്പെടുത്തുന്നു. ആ പരാമർശം പിൻവലിക്കുന്നു. അത് സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 18 വർഷം സർവ്വീസുണ്ടായിരുന്ന കണ്ണനെന്ന ആദിവാസി വാച്ചറെ ഒരു സ്ത്രീയുടെ ആവശ്യപ്രകാരം മുൻവനം വകുപ്പുമന്ത്രി പുറത്താക്കി എന്ന ആരോപണമാണ് ശ്രീ. പി. സി. ജോർജ് ഉന്നയിച്ചത്. അതിൽ അദ്ദേഹം ഉറച്ചു നിൽക്കുന്നുണ്ടോ

പിൻവലിക്കുന്നുണ്ടോയെന്നറിയണം. ശ്രീ. കെ. ബി. ഗണേഷ് കുമാറിനെതിരെയുള്ള വ്യക്തിപരമായ ആരോപണം പിൻവലിച്ചത് അംഗീകരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അദ്ദേഹം ഖേദം പ്രകടിപ്പിക്കുകയും പിൻവലിക്കുകയും സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന് പറയുകയും ചെയ്തതോടുകൂടി ആ വിഷയം അവസാനിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഏത് ഭാഗമാണ് എക്സ്പഞ്ച് ചെയ്തതെന്ന് സഭയെ അറിയിക്കണം.

മി. സ്പീക്കർ: ഇതുസംബന്ധിച്ച് രേഖകൾ പരിശോധിച്ച് നാളെ റൂളിംഗ് നൽകാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പൊതുഭരണത്തെക്കുറിച്ചും വനം വകുപ്പിനെക്കുറിച്ചും നടന്ന ധനാഭ്യർത്ഥന ചർച്ചയിൽ ഉയർന്നുവന്ന വിമർശനങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. വികസനവും കരുതലും എന്ന സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. ജനങ്ങൾക്ക് സേവനം യഥാസമയം കാര്യക്ഷമതയോടെ എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി സേവനാവകാശ നിയമം പാസ്സാക്കി. സംസ്ഥാനം ഇ-ഗവേണൻസിൽ പുരോഗതി കൈവരിക്കുകയും ജില്ലകളെ ഇ-ഡിസ്ട്രിക്ട് ആയി മാറ്റുകയും ചെയ്തു. റവന്യൂ വകുപ്പിൽനിന്നും വിവിധയിനം സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ഇൻഫർമേഷൻ ഡാറ്റാ ആന്റ് എക്സ്ചേഞ്ച് അഡ്വാൻസ് സിസ്റ്റം (IDEAS) നടപ്പിലാക്കുന്നതോടുകൂടി ഭരണരംഗം കൂടുതൽ സുതാര്യമാകുന്നതാണ്. ജനസമ്പർക്ക പരിപാടിയിലൂടെ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ തീർപ്പാക്കാൻ ബന്ധപ്പെട്ട

ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ഓർഡർ ഇറക്കിയിട്ടുണ്ട്. പ്രായപൂർത്തിയായ ആൺമക്കളുള്ളവർക്കും എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിവ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അധ്യാപക പാക്കേജ് നടപ്പിലാക്കുകയും വർഷങ്ങളായി മുടങ്ങിക്കിടന്ന സ്പോർട്സ് ക്വാട്ട ഒഴിവുകളിൽ നിയമനങ്ങൾ നടത്തുകയും 549 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ആശ്രിത നിയമനം നടത്തുകയും ചെയ്തു. കെ.എസ്.ആർ.ടി.സി. യിൽ പി.എസ്.സി. വഴി 3000 പേരെ നിയമിക്കുകയും 2003-ൽ പി.എസ്.സി. അഡ്വൈസ് ചെയ്ത 82 കോച്ച് ബിൽഡേഴ്സിനെ നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഹയർ സെക്കന്ററി സ്കൂളുകളിൽ 3763 പോസ്റ്റ് ക്രിയേറ്റ് ചെയ്യുകയും വികലാംഗ ക്വാട്ടയിൽ 1188 പോസ്റ്റുകൾ അദാലത്ത് നടത്തി റിപ്പോർട്ട് ചെയ്യുകയും 1999-2003 വരെ താൽക്കാലികമായി ജോലി നോക്കിയിരുന്ന 2677 വികലാംഗർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തു. പി.എസ്.സി. വഴി 85942 പോസ്റ്റുകൾ റിപ്പോർട്ട് ചെയ്തതിൽ 75602 പേരെ അപ്പോയിന്റ് ചെയ്തു. കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുകയും വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കൃഷിക്കാർക്കുള്ള ധനസഹായം കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. അട്ടപ്പാടിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഒരു റിട്ടയേർഡ് സീനിയർ ഐ.എ.എസ്. ഓഫീസറെ ചുമതലപ്പെടുത്താനും സർവ്വേ നടത്തി യഥാർത്ഥ അവകാശികൾക്ക് ഭൂമി ലഭ്യമാക്കാനും ഭൂമി ഇല്ലാത്തവർക്ക് ഒരു ഏക്കർ ഭൂമി നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകളിൽ

ഹൈസ്കൂളുകളും 148 പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി സ്കൂളുകളും 22 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ആർട്സ് ആന്റ് സയൻസ് കോളേജുകളും ആരംഭിക്കാൻ തീരുമാനിച്ചു. ഒരു പഞ്ചായത്തിൽ ഒരു വില്ലേജും ഹെൽത്ത് സെന്ററില്ലാത്ത പഞ്ചായത്തുകളിൽ ഹെൽത്ത് സെന്ററുകളും അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. 4300 കോടി രൂപയുടെ വിഴിഞ്ഞം പദ്ധതി എല്ലാ നടപടികളും പൂർത്തിയാക്കി ഏറ്റവുംവേഗത്തിൽ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. കണ്ണൂർ എയർപോർട്ടിനുള്ള പരിസ്ഥിതി ക്ലിയറൻസ് രണ്ട് ദിവസത്തിനകം ലഭിക്കുന്നതാണ്. സ്മാർട്ട് സിറ്റി നിർമ്മാണപ്രവർത്തനങ്ങളുടെ ആദ്യ ഘട്ടം ആരംഭിച്ചുകഴിഞ്ഞു. മോണോ റെയിൽ പദ്ധതിയുടെ ആദ്യ ഘട്ട നിർമ്മാണം തിരുവനന്തപുരത്ത് ജൂലൈയിൽ ആരംഭിക്കും ടെക്നോസിറ്റി പൂർത്തിയായി വരുന്നു. പെട്രോനെറ്റ് എൽ.എൻ.ജി ടെർമിനൽ സെപ്റ്റംബറിൽ കമ്മീഷൻ ചെയ്യാനാണുദ്ദേശിക്കുന്നത്. കെ.എം.എം.എൽ-ഉം സെയിലും തമ്മിൽ 3250 കോടി രൂപയുടെ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. പാലക്കാട് കോച്ച് ഫാക്ടറി റെയിൽവെയും സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയും ജോയിന്റ് വെഞ്ചറായി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ (ഗെയ്ൽ) യുടെ പദ്ധതി നടപ്പാക്കാത്തത് സംബന്ധിച്ച് സർവ്വകക്ഷിയോഗം വിളിച്ച് ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാമെന്ന് കരുതുന്നു. വനം കയ്യേറ്റവും കാട്ടുമൃഗങ്ങളെ വേട്ടയാടുന്നതും കാട്ടുതീയും ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുണ്ട്. തൃശ്ശൂരിലെ പുത്തൂരിൽ ആരംഭിച്ച പുതിയ മൃഗശാല, വാഗമണ്ണിൽ ആരംഭിക്കാൻ പോകുന്ന

ആർക്കേഡിയം, കോട്ടൂരിലെ ആന സംരക്ഷണ കേന്ദ്രം തുടങ്ങിയ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും വനത്തിൽ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 40 തടയണകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കാസർകോഡ് വനം ഡിവിഷൻ ആരംഭിച്ചു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കും കൃഷി നാശം സംഭവിച്ചവർക്കും കൊടുക്കുന്ന നഷ്ടപരിഹാരം വർദ്ധിപ്പിച്ചു. കേന്ദ്ര സഹായത്തോടെ വനമേഖലയിലുള്ള ആളുകളെ വനത്തിന് പുറത്തുകൊണ്ടുവന്ന് താമസിപ്പിക്കുന്ന പദ്ധതിയിൽ 13.34 കോടി രൂപ ചെലവഴിച്ച് 73 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. പച്ചക്കറിത്തോട്ടവും മരങ്ങളും സംരക്ഷിക്കുന്ന കുട്ടികൾക്ക് എൻ.സി.സി. ക്കും സ്കൗട്ടിനും നൽകിവരുന്നതുപോലെ ഗ്രേസ് മാർക്ക് നൽകുന്ന സ്റ്റുഡന്റ്സ് അഗ്രികൾച്ചർ ഫോറസ്റ്റേഷൻ പ്രോഗ്രാം ഈ വർഷം മുതൽ നടപ്പാക്കാനുദ്ദേശിക്കുന്നു. വനം വകുപ്പിൽ 700 ആദിവാസി വാച്ചർമാരെ പി.എസ്.സി. വഴി നിയമിക്കും. പെരിയാർ കടുവാ സംരക്ഷണ കേന്ദ്രത്തിൽ നാല് ഫോറസ്റ്റ് സ്റ്റേഷനുകളും വയനാട്ടിൽ പത്ത് ഫോറസ്റ്റ് സ്റ്റേഷനുകളും ആരംഭിക്കുകയും 88 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. രണ്ട് എലിഫന്റ് സ്ക്വാഡുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. പൊതുജനങ്ങളിൽ വനസംരക്ഷണപ്രവർത്തനങ്ങളിൽ താത്പര്യം വളർത്തുന്നതിന് ഗ്രീൻ പാസ്പോർട്ട് സംവിധാനം ഏർപ്പെടുത്തുന്നതാണ്. 30 കോടി രൂപ ചെലവിൽ മൂന്നാറിൽ ഹൈറേഞ്ച് ലാൻഡ് സ്കേപ്പ് പദ്ധതി നടപ്പാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. 148 പഞ്ചായത്തുകളിൽ ഗവൺമെന്റ് സ്കൂളുകൾക്ക് മാത്രമാണ് ഹയർ സെക്കണ്ടറി അനുവദിച്ചിട്ടുള്ളത്.

കോവളം കൊട്ടാരവും അതിനോടനുബന്ധിച്ച എട്ട് ഏക്കറിൽപ്പരം സ്ഥലവും സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ടുള്ള നിയമം നിയമസഭ പാസ്സാക്കിയിട്ടുണ്ട്. അതിന് വിരുദ്ധമായി സർക്കാർ പ്രവർത്തിക്കുകയോ അതിൽ നിന്നും ഒരിഞ്ച് ഭൂമി പോലും വിട്ടുകൊടുക്കുകയോ ചെയ്തിട്ടില്ല. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും 67-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.43-ന് പിരിഞ്ഞു.

***************